©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

വാല്യം 6 / Vol. VI
തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday
2017 ഏപ്രിൽ 4 / 4th April 2017
1192 മീനം 21 / 21st Meenam 1192
1939 ചൈത്രം 14 / 14th Chaithra 1939
നമ്പർ / No. 14

## PART III

# Dairy Development Department

### എറണാകുളം ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: ജോസ് ജേക്കബ്, ഡെപ്യൂട്ടി ഡയറക്ടർ)

നമ്പർ സി2-4605/2016. 2017 മാർച്ച് 16.

വിഷയം:—ക്ഷീരവികസന വകുപ്പ്—എറണാകുളം—കണ്ടക്കടവ് ക്ഷീരോൽപ്പാദക സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഇ. 221 (ഡി) ആപ്കോസ്—സമാപ്തീകരിക്കുന്നതിനായി 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 72 (1) പ്രകാരം ലിക്വിഡേറ്ററായി പള്ളുരുത്തി ക്ഷീരവികസന ഓഫീസറെ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം:—(1) പള്ളുരുത്തി ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ 9-12-2016-ലെ 144/16 നമ്പർ സെക്ഷൻ 66 പ്രകാരമുള്ള എൻക്വയറി റിപ്പോർട്ട്.

(2) ഈ ഓഫീസിലെ 4-1-2016-ലെ ഇതേ നമ്പർ കത്ത്.

(3) എറണാകുളം മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ 24-1-2017-ലെ EUPILQDN 17 നമ്പർ കത്ത്.

പള്ളുരുത്തി ബ്ലോക്കിലെ കണ്ടക്കടവ് ക്ഷീരോല്പാദക സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഇ. 221 (ഡി) ആപ്കോസ് നിരവധി വർഷങ്ങളായി പ്രവർത്തനരഹിതമാണ്. നിലവിൽ സംഘവുമായി ബന്ധപ്പെട്ട യാതൊരു രേഖകളും രജിസ്റ്ററുകളും ലഭ്യമല്ലായെന്നും പുനരുജ്ജീവിപ്പിക്കാൻ യാതൊരുവിധ സാധ്യതകളുമില്ലായെന്നും ടി പ്രദേശത്ത് നിലവിൽ ക്ഷീരകർഷകരുടെ അഭാവമുള്ളതായും പരാമർശം ഒന്ന് പ്രകാരം അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ രണ്ടാം പരാമർശ പ്രകാരം ജില്ലാ സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ, എറണാകുളം മേഖല സഹകരണ ക്ഷീരോൽപ്പാദക യൂണിയൻ എന്നിവയ്ക്ക് കത്ത് നൽകുകയും മൂന്നാം പരാമർശ പ്രകാരം എറണാകുളം മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന് തടസ്സമില്ലായെന്നറിയിച്ചിട്ടുള്ളതുമാണ്. എന്നാൽ സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ എന്നിവ നാളിതുവരെ മറുപടി നൽകിയിട്ടില്ലാത്തതുമാകുന്നു. ഈ സാഹചര്യത്തിൽ

സംഘം സമാപ്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ 1969-ലെ കേരള സഹകരണ സംഘം നിയമം 71 (2) വകുപ്പനുസരിച്ച് സ്വീകരിക്കാവുന്നതാണെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നു.

**ഉത്തരവ്**

മേൽ സാഹചര്യത്തിൽ കണ്ടക്കടവ് ക്ഷീരോല്പാദക സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഇ. 221 (ഡി) ആപ്കോസ് കേരള സഹകരണ സംഘം നിയമം 71(2) വകുപ്പ് അനുസരിച്ച് സമാപ്തീകരിക്കുന്നതിനുള്ള നപടികൾ സ്വീകരിക്കാവുന്നതാണെന്ന് കാണുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1969-ലെ കേരള സഹകരണ സംഘം നിയമം 72(1) വകുപ്പനുസരിച്ച് പള്ളുരുത്തി ക്ഷീര വികസന ഓഫീസറെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു. ലിക്വിഡേറ്ററുടെ കാലാവധി ഈ ഉത്തരവ് തീയതി മുതൽ പന്ത്രണ്ട് മാസമായിരിക്കുന്നതും നിശ്ചിത കാലാവധിക്കകം നടപടികൾ പൂർത്തിയാക്കി പ്രസ്തുത വിവരങ്ങൾ രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

ക്ഷീരവികസന വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, എറണാകുളം.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ.